13-ാം കേന്ദ്ര ധനകമ്മീഷൻ ശിപാർശകൾ

9(*159) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-ാം കേന്ദ്ര ധനകമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ ധന അച്ചടക്ക നിബന്ധനകളുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ പൊതു താല്പര്യത്തിന് ദോഷകരമുണ്ടാക്കുന്നതായി കണ്ടെത്തിയ നിബന്ധനകൾ ഏതെല്ലാമെന്നും, അതിനുള്ള കാര്യകാരണങ്ങളും വിശദമാക്കാമോ;

(ബി) സംസ്ഥാനം വായ്പയെടുക്കുന്ന കാര്യത്തിൽ ആഭ്യന്തര ഉൽപ്പാദനവുമായി ബന്ധപ്പെടുത്തുന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര ഉൽപ്പാദനത്തിൽ ഓരോ വർഷവുമുണ്ടായ വർദ്ധന എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) കൂടുതൽ വായ്പയെടുക്കുന്ന കാര്യത്തിൽ ധന അച്ചടക്ക നിബന്ധനകളിൽ ഇളവു നൽകണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്രഗവൺമെന്റിന്റെ പ്രതികരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യുക്കമ്മി ക്രമമായി കുറച്ച് 2014-15-ഓടെ ഇല്ലാതാക്കേണ്ടതും ധനക്കമ്മി 2013-14-ഓടെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്. സംസ്ഥാനത്തിന്റെ കടബാധ്യത ക്രമമായി കുറച്ച് 2014-15-ൽ GSDP-യുടെ 29.8 ശതമാനമായി കുറയ്ക്കാനും സംസ്ഥാന സർക്കാർ ബാധ്യസ്ഥമാണ്. ഇതിനനുസൃതമായി ധന ഉത്തരവാദിത്വ നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. റവന്യുക്കമ്മി സംബന്ധിച്ച നിബന്ധനകൾ സംസ്ഥാനത്തിന്റെ സാമൂഹ്യ വികസന മേഖലകളിലെ റവന്യു ചെലവിൻമേൽ നിയന്ത്രണങ്ങൾക്ക് കാരണമായേക്കാം ധനക്കമ്മിയേയും കടബാധ്യതയേയും സംബന്ധിച്ച നിബന്ധനകൾ സർക്കാരിന്റെ വായ്പയെടുക്കാനുള്ള പരിമിതമായ സ്വാതന്ത്ര്യത്തിൻമേലും നിയന്ത്രണങ്ങൾക്ക് കാരണമാകും. കടബാധ്യത 29.8 ശതമാനമായി കുറയ്ക്കണമെന്ന നിബന്ധനമൂലം സംസ്ഥാനത്ത് അനുവദനീയമായ 3 ശതമാനം കടമെടുക്കൽപോലും സാധ്യമല്ലാതാകുന്ന സാഹചര്യമുണ്ടായേക്കാം.

(ബി) സംസ്ഥാനത്തിന്റെ വായ്പാപരിധി മൊത്തം ആഭ്യന്തര ഉൽപാദനവുമായി ബന്ധപ്പെടുത്തുന്ന വ്യവസ്ഥ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് പ്രസ്തുത ശുപാർശകൾ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

വായ്പയെടുക്കുന്നതിനുള്ള ഉയർന്ന പരിധി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ നിശ്ചിത ശതമാനമായി താഴെ പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു: (ശതമാനത്തിൽ)

സാമ്പത്തിക വർഷം	ആഭ്യന്തര ഉൽപാദനത്തിന്റെ ശതമാനം
2011-12	3.5
2012-13	3.5
2013-14	3.0
2014-15	3.0

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര ഉൽപാദനത്തിൽ ഓരോ വർഷവുമുണ്ടായ വർദ്ധനവ് താഴെ നൽകുന്നു:

സാമ്പത്തിക വർഷം	നിലവിലെ വിലനിലവാരമനുസരിച്ച്	സ്ഥിരവില നിലവാരമനുസരിച്ച്
2006-07	12.38	7.9
2007-08	13.89	8.77
2008-09	14.78	7.22
2009-10	14.57	9.73

(ഡി) 2011-12-ൽ വായ്പാപരിധി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ നാല് ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിൻമേൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ പ്രതികരണമല്ല ലഭിച്ചിട്ടുള്ളത്.

ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

10(*160) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കുമോ;

(ബി) ഇവ നിർവ്വഹിക്കുന്നതിൽ പ്രസ്തുത വകുപ്പിന് ലക്ഷ്യം കൈവരിക്കുവാനായോ എന്ന് വിശദമാക്കുമോ;

(സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ മൂന്നു കോടിയിലധികം വരുന്ന ജനങ്ങളുടെ ഉപഭോക്തൃ സംരക്ഷണത്തിനായി നിലവിലുള്ള ജീവനക്കാരുടെ എണ്ണം പര്യാപ്തമാണോ;

LIBRARY ARCHIVES Kerala Legislative Assembly